# അക്കാദമിക്

# മാസ്റ്റർ പ്ലാൻ

# 2025 - 27

## അധ്യായം - 1 വിദ്യാലയചരിത്രം

പാലക്കാട് ജില്ലയിലെ കോങ്ങാട് പഞ്ചായത്തിലെ 13 വാർഡിലാണ് മാരാർകുളം ജി.എൽ.പി സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1954 ഒക്ടോബർ 10 സ്ഥാപിതമായ ഈ വിദ്യാലയം ഏകാധ്യാപക വിദ്യാലയമായിട്ടാണ് പ്രവർത്തനം തുടങ്ങിയത്. പി.ടി.ഭാസ്കരപണിക്കർ മലബാർ ഡിസ്ട്രിക് ബോർഡ് പ്രസിഡന്റായിരുന്ന സമയത്ത് പ്രാഥമിക വിദ്യാഭ്യാസത്തിന് സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ വിദ്യാഭ്യാസ സൗകര്യം ഒരുക്കുന്നതിന് ഏകാധ്യാപക വിദ്യാലയങ്ങൾ സ്ഥാപിക്കാൻ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ കോട്ടായി വാസുദേവൻ മാസ്റ്ററുടെ നേതൃത്വത്തിൽ തോണിക്കര കേശവൻ വൈദ്യരുടെ സഹായത്തോടെ ഒരു ഓലപ്പുര കെട്ടിയുണ്ടാക്കി അതിൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചു. 32 കുട്ടികളാണ് അക്കാലത്ത് സ്കൂളിൽ പ്രവേശനം നേടിയത്. തുടർന്ന് 10 വർഷത്തോളം വാടക കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിച്ചത്.

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരും ന്യൂനപക്ഷ വിഭാഗത്തിൽ പെട്ടവരുമായ ജനവിഭാഗങ്ങളെ മുഖ്യധാരയിലേക്കെത്തിക്കാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. വൈദ്യശാസ്ത്രരംഗത്ത് പ്രവർത്തിക്കുന്ന ഡോ.രാമനുണ്ണി, ഹ്യൂമൻ റിസോഴ്സ് വകുപ്പുമായി ബന്ധപ്പെട്ട് എ.ടി.ഡി.സി ജനറൽ മാനേജർ, ഇന്ത്യൻ അലുമിനിയം കോർപ്പറേഷന്റെ ജനറൽ മാനേജർ, മൾട്ടി നാഷണൽ കമ്പനിയായ പൊളാരിസിന്റെ വൈസ് ചെയർമാൻ, മക്ഡൊണാൾഡ് കമ്പനിയുടെ സൗത്ത് ഏഷ്യൻ രാജ്യങ്ങളുടെ വൈസ് ചെയർമാൻ എന്നീനിലകളിൽ പ്രവർത്തിച്ചിട്ടുള്ള തോണിക്കര കുടുംബത്തിലെ സോമസജീവൻ, ഇന്ത്യൻ എക്സ്പ്രസ്സിന്റെ പ്രൊഡക്ഷൻ മാനേജരായ ശശിധരൻ, കേരളത്തിലെ കോളേജ് യൂണിയനുകളിൽ ആദ്യത്തെ വനിതാചെയർമാൻ, കേരളത്തിൽ ഇന്റർ ഐ.ടി.ഐ കൗൺസിലിന്റെ ആദ്യ വനിതാചെയർമാൻ ശ്രീമതി.ടി.ആനന്ദലക്ഷ്മി, പൊതുപ്രവർത്തനരംഗത്ത് പ്രവർത്തിക്കുന്ന ശ്രീ.ടി. അജിത് കൂടാതെ ചെറുതും വലുതുമായ സേവനം അനുഷ്ഠിച്ചിട്ടുള്ള നിരവധി പേർ ഈ വിദ്യാലയത്തിൽ പൂർവ്വവിദ്യാർത്ഥികളാണ് എന്നത് ഞങ്ങൾക്ക് കൂടുതൽ ആത്മവിശ്വാസം പകരുന്നതും അഭിനന്ദനാർഹവുമാണ്.

എ.ആർ.സ്വാമിനാഥൻ മാസ്റ്റർ 2005 ൽ പ്രധാനഅധ്യാപകനായി ചാർജ്ജ് എടുത്തതിനുശേഷം നടത്തിയ സാമൂഹ്യ ഇടപെലിനെ തുടർന്ന് കോങ്ങാട് ഗ്രാമപഞ്ചായത്തിനോട് ചേർന്നു കിടക്കുന്ന ഈ സ്ഥലം സൗജന്യ നിരക്കിൽ പഞ്ചായത്തിന് കൈമാറാൻ തോണിക്കര കേശവൻ വൈദ്യരുടെ പിൻമുറക്കാർ തയ്യാറായി എന്നത് പ്രശംസനീയമാണ്. തുടർന്ന് എം.പി.ഫണ്ട് (10 ലക്ഷം), എം.എൽ.എ ഫണ്ട് (5 ലക്ഷം) എന്നിവ ഉപയോഗപ്പെടുത്തി 2010 ൽ സ്വന്തം കെട്ടിടം എന്ന സ്വപ്നം സഫലമാക്കി

സ്കൂളിന്റെ വജ്രജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് പ്രഥമപ്രധാനാധ്യാപകനായിരുന്ന ശ്രീ.വാസുദേവൻ മാസ്റ്ററേയും ആദ്യ ബാച്ചിലെ വിദ്യാർത്ഥികളേയും ആദരിക്കുന്ന "**സ്മൃതിമധുരം**" എന്ന പരിപാടി 2015 ൽ നടത്തുകയുണ്ടായി. എം.എൽ.എ ശ്രീ.കെ.വി.വിജയദാസ് അവർകൾ ആണ് ഈ പരിപാടി ഉത്ഘാടനം ചെയ്തത്. തുടർന്നു വരുന്ന വർഷങ്ങളിൽ പടിപടിയായ വികസനം കൈവരിക്കാൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേരും അഡ്രസ്സും | : | ജി.എൽ.പി.സ്കൂൾ മാരാർകുളം, ചെറായ പോസ്റ്റ്, കോങ്ങാട്, പാലക്കാട് |
| സ്കൂൾ കോഡ് | : | 21705 |
| സബ് ജില്ല | : | പറളി |
| റെവന്യൂ ജില്ല | : | പാലക്കാട് |
| വിദ്യാഭ്യാസ ജില്ല | : | പാലക്കാട് |
| സ്ഥാപിതമായ വർഷം | : | 1954 |
| ഗ്രാമപഞ്ചായത്ത് | : | കോങ്ങാട് |
| പാർലമെന്റ് മണ്ഡലം | : | പാലക്കാട് |
| നിയോജകമണ്ഡലം | : | കോങ്ങാട് |
| താലൂക്ക് | : | പാലക്കാട് |
| സ്കൂൾ ടൈപ്പ് | : | ഗവൺമെന്റ് |
| സ്കൂൾ കാറ്റഗറി | : | ജനറൽ |
| സ്കൂൾ ലെവൽ | : | 1-4 |
| ഹെഡ്മാസ്റ്ററുടെ പേര് | : | ചന്ദ്രബാബു |
| സ്കൂൾ ഫോൺ | : | 04912 845888 |
| ഇ മെയിൽ എഡി | : | mararkulamgips@gmail.com |
| പ്രധാനാധ്യാപകന്റെ ഫോൺ | : | 9961230671 |

## അധ്യായം 2 - വിദ്യാലയം മികവിന്റെ കേന്ദ്രം

മത്സരാധിഷ്ഠിതമായ ഈ ലോകത്ത് ജീവിക്കുന്നതിന് ആവശ്യമായ ശേഷികൾ കുട്ടികൾ ആർജ്ജിക്കണമെങ്കിൽ നമ്മുടെ വിദ്യാലയം അന്തർദേശീയ നിലവാരമുള്ള വിദ്യാലയമായി മാറേണ്ടതുണ്ട്. അതിന് അക്കാദമികവും ഭൗതികവുമായ മെച്ചപ്പെടുത്തലുകൾ ആവശ്യമാണ്. വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠനസൗകര്യം ഒരുക്കുക, പ്രത്യേക പരിശീലനപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക, ദിനാചരണങ്ങളെ പാഠഭാഗവുമായി ബന്ധിപ്പിക്കുക, ക്ലാസ്സ് ലൈബ്രറി സംവിധാനം മെച്ചപ്പെടുത്തുക, പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് അധികപരിശീലനം നൽകുക, കുട്ടികളെ മത്സരപരീക്ഷകൾക്ക് തയ്യാറാക്കുക, കുട്ടികളിലെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിന് പരിപാടികൾ ആസൂത്രണം ചെയ്യുക. കലാകായിക രംഗത്ത് മികവുറ്റവരാക്കി മാറ്റുക, ശാസ്ത്രബോധം ഉള്ള തലമുറയെ വാർത്തെടുക്കുക, ജനാധിപത്യപരവും മതേതരവുമായ മൂല്യങ്ങൾ കുട്ടികളിൽ അരക്കിട്ടുറപ്പിക്കുക, ശുചിത്വബോധം പാരിസ്ഥിതിക അവബോധം

എന്നിവ കുട്ടികളിൽ വളർത്തിയെടുക്കുക, വിദ്യാലയവും സമൂഹവുമായുള്ള ബന്ധം ശക്തിപ്പെടുത്തുക, അധ്യാപകരുടെ അക്കാദമികവും സാങ്കേതികവുമായ അറിവുകളെ കലാനുസൃതമാക്കുക.

മലയാളം ഇംഗ്ലീഷ് അറബിക് ഭാഷാശേഷികൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്യുക, എസ്.ആർ.ജി, ക്ലാസ്സ് പി.ടി.എ എന്നിവ ശക്തിപ്പെടുത്തു തുടങ്ങിയ ഒരുപാട് പ്രവർത്തനങ്ങൾ ഫലപ്രദമായി ആസൂത്രണ ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്. 4 ചുവരുകളും മേൽക്കൂരയുമായാൽ വിദ്യാലയമായി എന്ന ധാരണയിൽ കാതലായ മാറ്റം കാലം ആവശ്യപ്പെടുന്നുണ്ട് എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ക്ലാസ്സ് മുറികളെ സജ്ജീകരിക്കേണ്ടതുണ്ട്.

## അധ്യായം 3 - നിലവിലെ അവസ്ഥാവിശകലനം

നിലവിലെ അവസ്ഥാവിശകലനത്തിന്റെ ഭാഗമായി SRG ചേർന്ന് ഒരു ഫോർമാറ്റ് തയാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സർവ്വേ നടത്തി കുട്ടികളുടെ/രക്ഷിതാക്കളുടെ സാമൂഹ്യസാമ്പത്തിക അവസ്ഥാവിശകലനം നടത്തുകയും ചെയ്തു. 99% കുട്ടികളും ന്യൂനപക്ഷ (മുസ്ലീം) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമാണ്. സവർണവിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 3 കുട്ടികൾ മാത്രമാണ് ഇവിടെ പഠിക്കുന്നത്. രക്ഷിതാക്കളുടെ വിദ്യാഭ്യാസയോഗ്യത പുരുഷന്മാരിൽ എസ്.എസ്.എൽ.സിയും സ്ത്രീകളിൽ പരമാവധി +2 ഉം ആണ്. ഒരു കുട്ടി മാത്രമാണ് സർക്കാർ ജോലിയുള്ള രക്ഷിതാക്കളുടെ കുട്ടിയായിട്ടുള്ളത്. ഒരുപാടു രക്ഷിതാക്കൾ പ്രൈമറി വിദ്യാഭ്യാസം മാത്രം പൂർത്തിയാക്കിയവരാണ്. മതപഠനത്തിനാണ് അവർ കൂടുതൽ പ്രാധാന്യം നൽകുന്നത്.

### ജീവനക്കാരുടെ എണ്ണം - നിലവിലെ അവസ്ഥ

പ്രധാനാധ്യാപകൻ, P.D ടീച്ചർ, അറബിക് ടീച്ചർ എന്നീ തസ്തികകളിലായി 5 അധ്യാപകരും ഒരു പ്രീ പ്രൈമറി ടീച്ചറും ആയയും നിലവിലുണ്ട്. അക്കാദമിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ SRG കൂടി ചുമതലാ വിഭജനം നടത്താറുണ്ട്. അതിന്റെ മോണിറ്ററിംഗ് യഥാസമയം പ്രധാനാധ്യാപകൻ നിർവ്വഹിക്കുന്നുണ്ട്. വേനലവധി കാലത്തു തന്നെ സ്കൂൾ അക്കാദമിക കലണ്ടർ തയ്യാറാക്കി അതിനനുസൃതമായ പ്രവർത്തനങ്ങൾ നടത്താൻ പരമാവധി ശ്രമിക്കുന്നുണ്ട്. മാസത്തിൽ രണ്ട് തവണ SRG ചേർന്ന് പ്രവർത്തനങ്ങളുടെ ആസൂത്രണവും വിലയിരുത്തലും നടത്താറുണ്ട്.

കലാ-കായിക മേളകളിലും ശാസ്ത്ര ഗണിതശാസ്ത്ര-സാമൂഹ്യശാസ്ത്ര പ്രവൃത്തിപരിചയ മേളകളിലും കുട്ടികളെ പങ്കെടുപ്പിക്കാറുണ്ട്. സ്കൂളിന് സ്വന്തമായി ഒരു കളിസ്ഥലം ഇല്ല എങ്കിലും കായികമേളയിലെ റിലേ അടക്കമുള്ള എല്ലാ ഇനങ്ങളിലും കുട്ടികളെ പങ്കെടുപ്പിക്കാറുണ്ട്. കുട്ടികൾക്ക് ലഭിക്കേണ്ട അവസരങ്ങൾ നമ്മുടെ പരിമിതി മൂലം നഷ്ടപ്പെടരുത് എന്ന സദുദ്ദേശമാണ് ഇതിനു പിന്നിൽ. SSA യിൽ നിന്നും ഒരു ടീച്ചർ ആഴ്ചയിൽ ഒരു ദിവസം സ്കൂളിലെത്തി കുട്ടികൾക്ക് വേണ്ട പരിശീലനം നൽകുന്നുണ്ട്.

കലാമേളകളിലെ എല്ലാ ഇനങ്ങളിലും കുട്ടികളെ പങ്കെടുപ്പിക്കാറുണ്ട്. സബ്ജില്ലാ കലോത്സവങ്ങളിൽ മികവ് പുലർത്താറുണ്ട്. ശാസ്ത്ര ഗണിതശാസ്ത്ര-സാമൂഹ്യശാസ്ത്ര പ്രവൃത്തിപരിചയ മേളകളിലും എല്ലാ ഇനങ്ങളിലും കുട്ടികളെ പങ്കെടുപ്പിക്കുകയും സബ്ജില്ലാ തലത്തിൽ ആദ്യമൂന്ന് സ്ഥാനങ്ങളിൽ ഏതെങ്കിലും ഒരു സ്ഥാനം ഉറപ്പിക്കാൻ കഴിയാറുമുണ്ട്.

ഭൗതികസാഹചര്യങ്ങളുടെ അഭാവം സ്കൂളിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. ക്ലാസ്സ് ലൈബ്രറി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഗണിതലാബ്, ശാസ്ത്രലാബ്, റീഡിംഗ് റൂം, കമ്പ്യൂട്ടർ ലാബ്, ഫോട്ടോ ഗാലറി എന്നിവയെല്ലാം തന്നെ ഞങ്ങളുടെ സ്വപ്നങ്ങളാണ്. ഏതൊരു പൊതു വിദ്യാലയത്തിനോടും കിടപിടിക്കാൻ കഴിയുന്ന ഒരു മികച്ച വിദ്യാലയം എന്ന യാഥാർത്ഥ്യം സാർത്ഥകമാക്കാനുള്ള ഒരു വലിയ കൈത്താങ്ങായി ഈ മാസ്റ്റർ പ്ലാൻ മാറും എന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

**കുട്ടികളുടെ എണ്ണം - 2025-26**

| CLASS | All Communities | | | SC | | | OBC Muslim | | | H OBC | | | OTHERS | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | Boys | Girls | Total | B | G | T | B | G | T | B | G | T | B | G | T |
| I | 8 | 3 | 11 | 2 | 0 | 2 | 6 | 3 | 9 | 0 | 0 | 0 | 0 | 0 | 0 |
| II | 10 | 8 | 18 | 2 | 0 | 2 | 8 | 7 | 15 | 0 | 0 | 0 | 0 | 1 | 1 |
| III | 9 | 12 | 21 | 2 | 3 | 5 | 7 | 9 | 16 | 0 | 0 | 0 | 0 | 0 | 0 |
| IV | 7 | 7 | 14 | 2 | 0 | 2 | 2 | 3 | 5 | 2 | 3 | 5 | 1 | 0 | 1 |
| Total | 34 | 30 | 64 | 8 | 3 | 11 | 23 | 22 | 45 | 2 | 3 | 5 | 1 | 1 | 2 |
| Pre Primary | 15 | 10 | 25 | | | | | | | | | | | | |
| Grand Total | 49 | 40 | 89 | | | | | | | | | | | | |

## അധ്യായം 4 - നേരിടുന്ന പ്രശ്നങ്ങൾ, വെല്ലുവിളികൾ

A. ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത

1.അധിക ക്ലാസ്സ് മുറികളുടെ അപര്യാപ്തത - ഗണിതലാബ്, ശാസ്ത്രലാബ്, കമ്പ്യൂട്ടർ ലാബ്, റീഡിംഗ് റൂം

2.കളിസ്ഥലത്തിന്റെ അഭാവം

3.വാഹനസൗകര്യം

4. വേണ്ടത്ര സൗകര്യമില്ലാത്ത പാചകപ്പുര

5.ഭക്ഷണശാല, സ്റ്റോർ റൂം എന്നിവയുടെ അഭാവം

6.കിണറിന്റെ പുനരുദ്ധാരണം.

7.ആധുനിക രീതിയിലുള്ള ശുചിമുറികളുടെ അഭാവം

8.ജൈവവൈവിധ്യ പാർക്കിന്റെ വികസനം

9.സ്കൂൾ ക്യാമ്പസ്സിന്റെ ഹരിതവൽക്കരണം

10.കുട്ടികളുടെ പാർക്ക്

11.പ്രീ-പ്രൈമറി ശിശു സൗഹൃദമാക്കൽ

12.മൈക്ക്, സ്റ്റേജ്, കർട്ടൻ

13.വൈദ്യുദീകരണം

14. ഡസ്റ്റ് ഫ്രീ ക്ലാസ്സ് മുറികളുടെ അഭാവം

15.അസംബ്ലി ഹാൾ

**B. രക്ഷിതാക്കളുടെ സാമൂഹ്യവിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ**

* പൊതുവിദ്യാഭ്യാസത്തെക്കാൾ പ്രാധാന്യം മതപഠനത്തിന് നൽകൽ

* കുട്ടികൾക്ക് വേണ്ടത്ര പിന്തുണ നൽകാൻ കഴിയുന്നില്ല

* കലാവാസന പ്രോത്സാഹിപ്പിക്കാൻ രക്ഷിതാക്കളുടെ സഹകരണക്കുറവ്

**C.പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികൾ**

* പരിശീലനം നൽകാൻ വേണ്ടത്ര സമയം ലഭിക്കുന്നില്ല

* പഠനോപകരണങ്ങളുടെ ലഭ്യതക്കുറവ്

* VWSN ടോയ്‌ലറ്റിന്റെ അഭാവം

**D. അക്കാദമിക വെല്ലുവിളികൾ**

പഠനവേഗത കുറഞ്ഞ കുട്ടികൾക്ക് മറ്റു കുട്ടികളോടൊപ്പം എത്താൻ കഴിയാത്ത അവസ്ഥ

* വായന, ലേഖനം എന്നീ മേഖലകളുടെ പരിപോഷണം

. ചതുഷ്ക്രിയകൾ ഉപയോഗിച്ചുള്ള പ്രായോഗിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യലും ഗണിതപഠനം ആസ്വാദ്യകരമാക്കലും

* ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയം നടത്താനുള്ള ശേഷി നേടൽ

പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ശാസ്ത്രബോധവും പാരിസ്ഥിതിക അവബോധവും കുട്ടികളിൽ വളർത്തിയെടുക്കൽ

**അധ്യായം 5 - പദ്ധതി രൂപീകരണപ്രക്രിയ**

* SRG യോഗം ചേർന്ന് മാസ്റ്റർ പ്ലാൻ ധാരണ പങ്കുവക്കൽ

* വിഷയാടിസ്ഥാനത്തിൽ ചുമതലാവിഭജനം

* PTA SMC യോഗത്തിൽ ചർച്ച

* വിദ്യാലയ വികസന സമിതി യോഗത്തിൽ കരട് അവതരണം, ഭേദഗതികൾ, കൂട്ടിച്ചേർക്കലുകൾ

.. പഞ്ചായത്തുതലത്തിൽ കരട് തരണം

* മാസ്റ്റർ പ്ലാൻ അസ്സൽ തയ്യാറാക്കി പൊതുജനസമക്ഷം അവതരണം.

**മലയാളം പ്രൊജക്റ്റ്**

വായിക്കാം, എഴുതാം, മുന്നേറാം

**ആമുഖം**

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാന ലക്ഷ്യമായ ഗു ഗുണമേന്മ വിദ്യാഭ്യാസം സ്കൂളിൽ ഉറപ്പാക്കുന്നതിനും സ്കൂളിനെ അന്താരാഷ്ട്രനിലവാരത്തിലേക്ക് എത്തിക്കുന്നതിനും കുട്ടികളുടെ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക, പാഠപുസ്തകങ്ങൾക്കപ്പുറത്തേക്ക് കുട്ടികളുടെ വായനാതലം

വികസിപ്പിക്കുകയും എഴുത്ത് പരിപോഷിപ്പിക്കുക ക്കുകയും വേണം. ഇവ സാധിക്കുന്നതിനു വേണ്ടി വായിക്കാം എഴുതാം മുന്നേറാം എന്ന ഈ പരിപാടി ഞങ്ങൾ ആവിഷ്കരിക്കുന്നു.

**ലക്ഷ്യങ്ങൾ**

. എല്ലാ കുട്ടികളിലും വായനയിലും എഴുത്തിലും താൽപര്യം ജനിപ്പിക്കുക.

. വായനയുടെ പ്രാധാന്യത്തെക്കുറിച്ച് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക

. വായനയുടെയും എഴുത്തിന്റെയും പരിപോഷണത്തിന് സമൂഹത്തിന്റെ സഹായവും പിന്തുണയും ലഭ്യമാക്കുക

അറിവുനിർമ്മാണപ്രക്രിയയുമായി ബന്ധപ്പെട്ട് വായനയുടേയും ലേഖനത്തിന്റെയും മികവുകൾ, നിലവാരം എന്നിവ സ്വയം വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക.

കാലയളവ് - 2025 ജൂൺ മുതൽ 2026 മാർച്ച്

* കുട്ടികളുടെ സർഗ്ഗാത്മകശേഷി വികസിപ്പിക്കുക
ഭാഷയിലെ വ്യവഹാര രൂപങ്ങളെ തിരിച്ചറിയുകയും ആസ്വദിക്കുകയും ചെയ്യുക
* കുട്ടികളുടെ രചനകൾ പൊതുസമൂഹവുമായി പങ്കുവക്കുക
കുട്ടികളുടെ നിലവാരം പരിഗണിച്ചുകൊണ്ടുള്ള വായനാസാമഗ്രികളുടെ ശേഖരണവും നിർമ്മാണവും
വായനയിലും എഴുത്തിലും മികവു പുലർത്തുന്നവരെ അംഗീകരിക്കാനും ആദരിക്കാനും പുതുതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക

ആസ്വാദനക്കുറിപ്പ്, ബാലസഭ, ഭാഷാപ്രൊജക്റ്റ്, സാഹിത്യകാരന്മാരെ പരിചയപ്പെടൽ – അഭിമുഖം, സാഹിത്യ സാംസ്കാരിക ചിത്ര ഗാലറി, കഥ, കവിത -ശില്പശാലകൾ, സർഗ്ഗശേഷി വികസിപ്പിക്കുക തുടങ്ങിയവ സംഘടിപ്പിക്കുക.

**മധുരിക്കും ഗണിതം**

ശാസ്ത്രങ്ങളുടെ റാണിയാണ് ഗണിത ശാസ്ത്രം. ഗണിതമാകുന്ന ചങ്ങലയിലെ കണ്ണികൾ ക്രമമായി അടുക്കിയാൽ മാത്രമേ ഗണിതം രസകരമാവുകയുള്ളൂ. ഗണിതാശയങ്ങളെ യാന്ത്രികത ഇല്ലാതെ ജീവിതസാഹചര്യങ്ങളുമായി പരമാവധി ബന്ധിപ്പിച്ച് അവതരിപ്പിച്ചാൽ മാത്രമേ ഗണിതപഠനം ആസ്വാദ്യകരമാവൂ. അതോടൊപ്പം ഗണിതപഠനത്തിൽ താല്പര്യം ജനിപ്പിക്കാൻ സഹായകമാണ്. വിവരസാങ്കേതിക വിദ്യയുടെ ഉപയോഗവും

**ലക്ഷ്യങ്ങൾ**

ഗണിതത്തിൽ അഭിരുചി വളർത്തുന്നതിന്
ഗണിതപഠനം ആസ്വാദ്യകരമാക്കുന്നതിന്
ഗണിതഭാഷ ഉപയോഗിക്കുന്നതിനുള്ള കഴിവ് വളർത്തിയെടുക്കുന്നതിന്
ഗണിതനാട്ടറിവുകൾ പരിചയപ്പെടുന്നതിന്
ചതുഷ്ക്രിയകൾ ഉപയോഗിച്ച് പ്രായോഗികപ്രശ്നങ്ങൾ അനായാസേന നിർദ്ധാരണം ചെയ്യുന്നതിന്.
അളവുകൾ തൂക്കങ്ങൾ ഇവയെക്കുറിച്ചുള്ള ധാരണ നേടുന്നതിന്, ഉപകരണങ്ങൾ
സൂക്ഷ്മതയോടെയും കൃത്യതയോടെയും കൈകാര്യം ചെയ്യുന്നതിന്.
ജ്യാമിതീയ രൂപങ്ങൾ, ഭിന്നസംഖ്യകൾ, കലണ്ടർ, സമയം എന്നിവയെക്കുറിച്ച് ധാരണയുണ്ടാക്കുന്നതിന്
ഗണിതകേളികളിൽ ഏർപ്പെടുന്നതിന്
സംഖ്യകളെ വ്യത്യസ്തരീതിയിൽ വ്യഖ്യാനിക്കുന്നതിന്
സംഖ്യാപാറ്റേണുകൾ രൂപീകരിക്കുന്നതിനും പരിചിത സാഹചര്യങ്ങളിലെ പാറ്റേണുകൾ സ്വയം കണ്ടെത്തുന്നതിന്
ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന്.

**പ്രവർത്തനം**

1.ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന്

2.ഗണിതത്തിൽ അഭിരുചി വളർത്തുന്നതിന് ഗണിതപഠനം

| കാലയളവ് - 2025 ജൂൺ മുതൽ 2026 മാർച്ച് |
| --- |

**പ്രീ ടെസ്റ്റ്**

പരിഹാരബോധനം - സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ, കുട്ടികൾ മുൻക്ലാസ്സിൽ നേടേണ്ട ശേഷികൾ കണക്കിലെടുത്തുകൊണ്ട് അവ പരിഹരിക്കാൻ ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ വ്യക്തിപരമായും ഗ്രൂപ്പായും നൽകുന്നു.

ക്ലാസ്സ് പി.ടി.എയിൽ ചർച്ച

**ഗണിതം - മധുരം ഗണിതക്ലബ്ബ്**

ഗണിതകേളിൾ, ഗണിതവുമായി ബന്ധപ്പെട്ട കഥകൾ, സംഖ്യാഗാനങ്ങൾ, ഗണിതശാസ്ത്രജ്ഞനെ പരിചയപ്പെടൽ, അഥിതി ക്ലാസ്സുകൾ, ഗണിതമാഗസിൻ, സാമ്പ ത്തികം വർക്ക്ഷീറ്റ് എന്നിവ തയ്യാറാക്കുക. . ചതുഷ്ക്രിയകൾ ഉപയോഗിച്ച് പ്രായോഗികപ്രശ്നങ്ങൾ അനായാസേന നിർദ്ധാരണം ചെയ്യൽ, ഗണിതഭാഷപ്രയോഗം പരിശീലിപ്പിക്കുന്നതിന് ഗണിതലാബ്, കച്ചവട കളികൾ,

**ഗണിത പ്രൊജക്ടുകൾ** - ഒരു കുടുംബത്തിലെ ഒരു മാസത്തെ വരവുചെലവു കണക്കുകൾ, ഉച്ചഭക്ഷണ പരിപാടിയുമായി ബന്ധപ്പെട്ട വരവുചെലവു കണക്കുകൾ, മനക്കണക്കുകൾ, ഗണിതക്വിസ്സുകശി, കാർഡുകളിശില്പശാലകൾ - അധ്യാപകർക്ക്, രക്ഷിതാക്കൾക്ക്, കുട്ടികൾക്ക്.

* പഠനോപകരണ നിർമ്മാണ ശില്പശാല അധ്യാപകർ, രക്ഷിതാക്കൾ, ജ്യാമിതീയ രൂപങ്ങൾ, ഗണിതകിറ്റുകൾ, കളിഉപകരണങ്ങൾ, മോഡലുകൾ etc

* ശില്പശാല – കുട്ടികൾക്ക്, ക്ലോക്ക് നിർമ്മാണം, കലണ്ടർ നിർമ്മാണം, കളി ത്രാസ്സ്, അളവുപകരണങ്ങൾ, ടാസൻഗ്രാം

* ശേഖരങ്ങൾ

ഗണിതശാസ്ത്രജ്ഞരുടെ ചിത്രങ്ങൾ, ജീവചരിത്രം, വീഡിയോ etc..
മോഡലുകൾ
റഫറൻസ് ഗ്രന്ഥങ്ങൾ
ഗണിതവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ
ജ്യാമിതീയ പാറ്റേണുകൾ
പസിലുകൾ

* ഗണിതലാബ് സജ്ജീകരിക്കൽ

അലമാരകൾ
കമ്പ്യൂട്ടറുകൾ
പ്രോജക്ടർ
സ്ക്രീൻ

## ശാസ്ത്രജാലകം

ശാസ്ത്രബോധവും പാരിസ്ഥിതിക അവബോധവുമുള്ള ഒരു തലമുറയെ വാർത്തെടുക്കുക എന്നതാണ് പരിസ്ഥിതി പഠനത്തിന്റെ ലക്ഷ്യമെന്ന് ഒറ്റവാക്യത്തിൽ നിർവ്വജിക്കാം. കുട്ടികൾ സ്വാഭാവികമായ അന്തരീക്ഷത്തിൽ കണ്ടും കേട്ടും നിരീക്ഷിച്ചും അനുഭവിച്ച അറിവുകൾ സ്വായത്തമാക്കുന്നു. നിരീക്ഷണം താരതമ്യം, അപഗ്രഥനം, നിഗമനം എന്നീ പ്രക്രിയകളിലൂടെയാണ് ശാസ്ത്രപഠ പഠനം നടക്കേണ്ടത്. കുട്ടികളിൽ അന്വേഷണത്വരയും യുക്തിചിന്തയും വളർന്നുവരേണ്ടതുണ്ട്. ജനാധിപത്യപരവും മതേതരവുമായ മൂല്യങ്ങ അതോടൊപ്പം തന്നെ അവരിൽ വേരുറപ്പിക്കേണ്ടതും ആവശ്യമാണ്. എങ്കിൽ മാത്രമേ വിശ്വമാനവൻ എന്ന സങ്കൽപ്പം യാഥാർത്ഥ്യമ മാവൂ. പഠനത്തെ പരിസരഗന്ധിയും ജീവിതഗന്ധിയുമാക്കുവാൻ ആവാസപരിസരസാധ്യതകൾ പ്രയോജനപ്പെടുത്തുകയും സ്കൂൾ ക്യാമ്പസ്സ വസ്സിനെ ഒരു പാഠപുസ്തകമാക്കി വികസിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. എല്ലാ പ്രവർത്തനങ്ങളിലും പ്രത്യേക പരിഗണന അർഹിക്കുന്ന കുഞ്ഞുങ്ങളെ ഉൾക്കൊള്ളിക്കുകയും വേണം.

**ലക്ഷ്യങ്ങൾ**

കുട്ടികളിൽ ശാസ്ത്രബോധം വളർത്തുക, ശാസ്ത്രാഭിരുചി വളർത്തുക.
നിരീക്ഷണപാടവം വളർത്തിയെടുക്കൽ
പരീക്ഷണങ്ങളിൽ ഏർപ്പെടൽ
താരതമ്യം, അപഗ്രഥനമേഖലകളിലൂടെ ശരിയായ നിഗമനത്തിൽ എത്തിച്ചേരൽ.
അന്തവിശ്വാസങ്ങളിൽ നിന്നുള്ള മുക്തി നേടൽ
പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ
ശാസ്ത്രജ്ഞന്മാരെകുറിച്ചും അവരുടെ കണ്ടുപിടുത്തങ്ങളെക്കുറിച്ചും അറിയുന്നതിന്
നമ്മുടെ നാടിന്റെ കലാസാംസ്കാരിക പാരമ്പര്യം വിവരശേഖരണം
പൗരബോധം, ജനാധിപത്യബോധം എന്നിവ വളർത്തിയെടുക്കുക
തൊഴിലിനോട് ആഭിമുഖ്യം ഉണ്ടാക്കുക
കുട്ടി ശാസ്ത്രജ്ഞരെ കണ്ടെത്തൽ
ലിംഗസമത്വം ഉറപ്പാക്കുക
സ്കൂൾ കാമ്പസ്സിനെ ഒരു പാഠപുസ്തകമാക്കി വികസിപ്പിക്കൽ
കാർഷിക സംസ്കാരം വളർത്തിയെടുക്കുക

കാലയളവ് - 2025 ജൂൺ മുതൽ 2026 മാർച്ച്

**ലക്ഷ്യം**

1. തന്റെ ചുറ്റപാടുകളെക്കുറിച്ച് നേരിട്ട് കണ്ടറിഞ്ഞ് പഠിക്കുന്നതിന്

2.നമ്മുടെ നാടിന്റെ കലാസാംസ്കാരിക പാരമ്പര്യം - വിവരശേഖരണം നടത്തുന്നതിന്

പ്രവർത്തനം

* ഫീൽഡ് ട്രിപ്പ് - പൊതുസ്ഥാപനങ്ങൾ , തൊഴിൽ ശാലകൾ,
ആവാസവ്യവസ്ഥകൾ – കൃഷിയിടങ്ങൾ

## എളുപ്പമുള്ള ഇംഗ്ലീഷ്

ഇന്നത്തെ സമൂഹത്തിൽ അതിവേഗം വളർന്നു വരുന്ന ആശയവിനിമയ സങ്കേതങ്ങളിൽ ഇംഗ്ലീഷ് ഭാഷക്കുള്ള പ്രാധാന്യം വളരെ വലുതാണ്. വളരെ ചെറിയ പ്രായത്തിൽ തന്നെ കുട്ടികളെ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന് സമൂഹത്തിൽ ഔത്സുക്യം കാണപ്പെടുന്നു. ഇതിനുസരിച്ച് സമൂഹത്തിന്റെ ആവശ്യം പരിഗണിച്ചുകൊണ്ട് കുട്ടിയുടെ ആശയവിനിമയശേഷി വർദ്ധിപ്പിക്കാൻ സാങ്കേതിക വിദ്യയുടെ

സഹായത്തോടെയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതുണ്ട്. ലോകഭാഷയായ ഇംഗ്ലീഷ് സ്വായത്തമാക്കി ലോകത്തെവിടെയും ഉള്ളവരോട് ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താനുള്ള കഴിവ് കുട്ടിക്ക് പ്രാപ്തമാക്കുക എന്നതായിരിക്കണം. ഇംഗ്ലീഷ് ഭാഷാ പഠനത്തിന്റെ ലക്ഷ്യം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഈ ലക്ഷ്യത്തിലെത്താൻ ത്വരിതഗതിയിൽ സാധിക്കുന്നതാണ്.

**ലക്ഷ്യങ്ങൾ**

* കുട്ടിക്ക് ആത്മവിശ്വാസത്തോടെയും ഭയരഹിതമായും ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിന്
* ഇംഗ്ലീഷ് ഭാഷയിൽ മറ്റുള്ളവരുമായി ആശയവിനിമയം നടത്തുന്നതിന്
* ഇംഗ്ലീഷ് വാർത്തകൾ, സംഭാഷണങ്ങൾ എന്നിവ കേട്ട് മനസ്സിലാക്കുന്നതിനും അതിനെ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുന്നതിനും
* ഇംഗ്ലീഷിൽ കൊറിയോഗ്രാഫി പരിശീലിക്കുന്നതിന്
* നാടകവും സിറ്റും തയ്യാറാക്കുന്നതിന്
* ഇംഗ്ലീഷിൽ മാഗസിൻ, പത്രങ്ങൾ, ഡയറികൾ, നോട്ടീസുകൾ, വിവരണങ്ങൾ, കത്തുകൾ എന്നിവ തയ്യാറാക്കുന്നതിന്
* ഇംഗ്ലീഷ് കഥകൾ, കവിതകൾ എന്നിവ ശേഖരിക്കുന്നതിനും അവതരിപ്പിക്കുന്നതിനും
* ഔഷധസസ്യങ്ങൾ, ഉപയോഗങ്ങൽ തുടങ്ങിയവ ഇംഗ്ലീഷിൽ തയ്യാറാക്കുന്നതിന്
* പാചകക്കുറിപ്പുകൾ, കടംകഥകൾ, പഴഞ്ചൊല്ലുകൾ എന്നിവ കണ്ടെത്തുന്നതിനും വിശദീകരിക്കുന്നതിനും

പിന്നോക്കക്കാരെ കണ്ടെത്തി പരിഹാരബോധനം നടത്തുക

Reading cards, Fill in the blanks, Description, Rhymes സ English news reading, English Assembly, Special English speaking course, English club, A day English day in a week

കാലയളവ് - 2025 ജൂൺ മുതൽ 2026 മാർച്ച്

**പ്രീപ്രൈമറി വികസനം**

അച്ഛനും അമ്മയും ഉൾപ്പെടെയുള്ള ഉറ്റബന്ധുക്കളുടെ വാത്സല്യത്തിന്റെ തണലിൽ നിന്ന് കുട്ടികൾ സമൂഹമധ്യത്തിലെ വെയിലും മഴയുമായി പൊരുത്തപ്പെട്ട് ജീവിക്കാൻ പഠിക്കുന്ന ആദ്യഘട്ടമാണ് പ്രീ പ്രൈമറി വിദ്യാഭ്യാസഘട്ടം. വലിയ നിബന്ധനകളും ചിട്ടകളൊന്നുമില്ലാതെ പ്രിയപ്പെട്ടവരുടെ കൂടെ കഴിഞ്ഞുവന്ന കുഞ്ഞ് സാമൂഹ്യജീവിതത്തിന്റെ ചിട്ടകളുമായി പൊരുത്തപ്പെടേണ്ടതാണ്. ഇതിനുതകുന്ന ഒരു സ്വാഭാവിക അന്തരീക്ഷം സൃഷ്ടിക്കുന്നതായിരിക്കണം പ്രീ പ്രൈമറി വിദ്യാഭ്യാസം. സ്നേഹമാണ് ഭാഷ, കളിയാണ് രീതി എന്ന തത്വമനുസരിച്ചായിരിക്കണം പ്രീ പ്രൈമറിയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. പൊതുവെ പറഞ്ഞാൽ ഒരു പ്രീ പ്രൈമറി വിദ്യാഭ്യാസം കുഞ്ഞിന്റെ ബഹുമുഖമായ വികാസമാണ് ലക്ഷ്യമാക്കുന്നത്. അതായത് കുഞ്ഞിന്റെ ശാരീരികവും ബുദ്ധിപരവും ഭാഷാപരവും സാമൂഹികവും സാംസ്കാരികവും കലാപരവും സൻമാർഗികവുമായ വികാസമാണ്.

**ലക്ഷ്യങ്ങൾ**

* സ്ഥല സൂക്ഷ്മ പേശീവികസനത്തിന്
* ആശയവിനിമയ ശേഷി വർദ്ധിപ്പിക്കൽ
* നല്ല ആരോഗ്യശീലങ്ങൾ വികസിപ്പിക്കൽ
* നല്ല ശീലങ്ങളെക്കുറിച്ച് ബോധവാന്മാരാക്കൽ

വ്യക്തി ശുചിത്വം, പരിസരശുചിത്വം എന്നിവയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിന്
ജിജ്ഞാസയെ തട്ടിയുണർത്തുന്നതിന്

* സർഗ്ഗശേഷി വികസനം

**നീന്താൻ പഠിക്കാം**

ഇന്നു നാം അഭിമുഖീകരിക്കുന്ന നിരവധി അപകടങ്ങൾ ജലവുമായി ബന്ധപ്പെട്ടതാണ്, അജ്ഞത മൂലമാണ് ഇത്തരം അപകടങ്ങൽ ഭൂരിഭാഗവും സംഭവിക്കുന്നത്. പലപ്പോഴും വെള്ളത്തിലിറങ്ങുമ്പോൾ പാലിക്കേണ്ട മുൻകരുതലുകൾ, സുരക്ഷാക്രമീകരണങ്ങൾ, പ്രഥമ ശുശ്രൂഷ എന്നിവയിലുള്ള അജ്ഞതയാണ് അപകടങ്ങളുടെ കാഠിന്യം വർദ്ധിപ്പിക്കുന്നത്. കൂടാതെ മുൻകാലങ്ങളിൽ നിന്നും വിപരീതമായി പ്രകൃതിയിൽ നിന്നും വിട്ടുനിന്ന് കളിയും കളികളുമെല്ലാം വീടിനകത്തളത്തിലേക്ക് ഉൾവലിഞ്ഞുകഴിഞ്ഞു. ഇതിനെല്ലാം പുറമെ തിരക്കുപിടിച്ച ജീവിതരീതിയും സമയക്കുറവും സൗകര്യങ്ങളുടെ പരിമിതിയും മൂലം നീന്തൽ പരിശീലനം നടത്തുന്നതിന് കഴിയാതെ വരുന്നു. ജീവൻ രക്ഷിക്കാൻപോലും സാധിക്കുന്നില്ല. ഈ അവസ്ഥയിൽ നിന്നും ഒരു മാറ്റം ഉണ്ടാക്കുന്നതിനായി പ്രകൃതി യോടൊപ്പം ഇണങ്ങി നിന്ന് നീന്തൽ പഠിക്കേണ്ടതിന്റെ ആവശ്യകത ഏറെയാണ്.

**നിലവിലെ അവസ്ഥ**

ഭൂരിഭാഗം വിദ്യാർത്ഥികൾക്കും നീന്തലിന്റെ അറിവില്ലായ്മ. ജലസ്രോതസ്സുകളുടെ സ്വഭാവത്തെക്കുറിച്ച് അജ്ഞത ഒരു പരിധിക്കപ്പുറം വെള്ളം ഒരുമിച്ചുകണ്ടാൽ ഭയക്കുന്ന വിദ്യാർത്ഥികൾ

**ലക്ഷ്യങ്ങൾ**

എല്ലാ വിദ്യാർത്ഥികൾക്കും നീന്തൽ സ്വായത്തമാക്കിക്കൊടുക്കുക. ജലത്തെക്കുറിച്ചുള്ള അജ്ഞത വിദ്യാർത്ഥികളിൽ ഇല്ലാതാക്കുക വെള്ളത്തിലിറങ്ങുമ്പോൾ പാലിക്കേണ്ട മുൻകരുതലുകൾ, സുരക്ഷാക്രമീകരണങ്ങൾ, പ്രഥമശുശ്രൂഷ എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക.

കുളങ്ങൽ നീന്തൽ പരിശീലനത്തിന് അനുയോജ്യമായി മാറ്റിയെടുക്കുന്ന

പുനരുദ്ധാരണം/നിർമ്മാണം

സുരക്ഷാ ഉപകരണം

നീന്തൽകുളത്തിന്റെ അഭാവത്തിൽ ക്രിത്രിമ നീന്തൽകുളത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നു.

സുരക്ഷാഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നു.

നീന്തൽ പരിശീലകന്റെ നിയമനം

നീന്തൽഅഭ്യസിപ്പിക്കുന്നതിന് വിദ്യാർത്ഥി രക്ഷിതാക്കളുടെ സമ്മതം വാങ്ങുന്നു

തുടർച്ചയായ ബാച്ച് തിരിച്ചുള്ള പരിശീലനം നടത്തുന്നു.

| കാലയളവ് - 2025 ജൂൺ മുതൽ 2026 മാർച്ച് |
| --- |

**കായികക്ഷമത**

കായികക്ഷമതാ ഘടകങ്ങളുടെ കുറവ് പ്രത്യേക പരിശീലനത്തിലൂടെ മെച്ചപ്പെടുത്തുന്നു

ഓരോ മാസത്തിലും കുട്ടിയുടെ കായികക്ഷമതാ ഘടകങ്ങൾ പരിശോധിക്കപ്പെടുത്തുന്നു. പരിശീലനത്തിന്റെ നിലവാരം ഉറപ്പുവരുത്തുന്നു. കളിയുപകരണങ്ങൾ പരിശീലനത്തിനോടൊപ്പം പ്രാദേശിക കാലാവസ്ഥക്കനുസരിച്ച് പോഷകാഹാരം നൽകുന്നു.

1.എയ്റോബിക്സ് ഡാൻസ് പരിശീലിപ്പിക്കുന്നു

2. മാസ് ഡ്രിൽ പരിശീലിപ്പിക്കുന്നു

പ്രവർത്തനം

Music set ചെയ്തിട്ടുള്ള വിശാലമായ ക്ലാസ്സ് മുറി ഉറസ്സായ സ്ഥലങ്ങൾ തിരഞ്ഞെടുക്കുന്നു

ലളിതമായ ചലനങ്ങളിലൂടെ Music ത്ത് ചുവടുവക്കാൻ പഠിപ്പിക്കുന്നു

പഠിച്ച ചുവടുകൾ ഉപയോഗിച്ച് ദൈർഘ്യമുള്ള Aerobic Session നൽകുന്ന

Free hand Exercises Dumb-bell, Wands, Hoops എന്നിവ ഉപയോഗിച്ച് മാസ്സ് ഡിൽ പരിശീലിപ്പിക്കുന്നു.[1]

1

| മേഖല | പ്രവർത്തനം | സാമ്പത്തികം | പിന്തുണ | കാലയളവ് | മോണിറ്ററിംഗ് |
|---|---|---|---|---|---|
| ഇംഗ്ലീഷ് | C.D ലൈബ്രറി<br>ശില്പശാല – Workshop<br>Readers Theatre Costumes | 2 ലക്ഷം | S.S.A<br>ഗ്രാമ പഞ്ചായത്ത് | 2025-26 | S.S.A<br>H.M<br>S.M.C |
| പ്രീ-പ്രൈമറി | ക്ലാസ് ആകർ ഷകമാക്കൽ | 2 ലക്ഷം | S.S.A<br>ഗ്രാമ പഞ്ചായത്ത് | 2025-27 | H.M<br>S.M.C |
| ആരോഗ്യം കായികം | കളിസ്ഥലം<br>നീന്തൽ പരിശീലനം<br>സൈക്കിൾ പരിശീലനം<br>പോഷകാഹാരം<br>പരിശീലനങ്ങൾ | 30 ലക്ഷം<br>2 ലക്ഷം<br>1 ലക്ഷം<br>3 ലക്ഷം<br>1 ലക്ഷം | ഗവൺമെന്റ്<br>MLA / MP<br>ഗ്രാമ പഞ്ചായത്ത് | 2025-28 | SMC<br>SSA<br>LSGD |
| ഭാഷ (മലയാളം & അറബിക) | റീഡിംഗ് റൂം<br>ക്ലാസ് ലൈബ്രറി<br>റഫറൻസ് ബുക്കുകൾ<br>ആനുകാലികങ്ങൾ<br>C.D ലൈബ്രറി | 10 ലക്ഷം | PTA<br>SSA<br>MLA / MP<br>പഞ്ചായത്ത്<br>പൂർവ്വ വിദ്യാർ ഥികൾ | 2025-27 | AEO<br>SSA<br>HM<br>SMC |
| ഗണിതം | ഗണിത ലാബ്<br>ശില്പ ശാലകൾ | 5 ലക്ഷം | SSA<br>MLA / MP<br>പഞ്ചായത്ത്<br>പൂർവ്വ വിദ്യാർ ഥികൾ | 2025-26 | AEO<br>SSA<br>HM<br>SMC |
| പരിസര പഠനം | ശാസ്ത്രലാബ്<br>ജൈവ വൈവിധ്യ പാർ ക്ക്<br>സോളാർ പാനൽ സ്ഥാപിക്കൽ | 15 ലക്ഷം | SSA<br>MLA / MP<br>പഞ്ചായത്ത് | 2025-27 | AEO<br>SSA<br>HM |
| ഭൗതികം | വാഹന സൗകര്യം<br>പൊടി രഹിത ക്ലാസ് റൂം<br>High tech Class room<br>Computer Lab | 5 ലക്ഷം<br>5 ലക്ഷം<br>5 ലക്ഷം<br>2 ലക്ഷം | ഗവൺമെന്റ്<br>MLA / MP<br>ഗ്രാമ പഞ്ചായത്ത് | 2025-26<br>2025-27<br>2025-26<br>2025-26 | |

ആകെ - 86,00,000/-

(എൺപത്തിയാറ് ലക്ഷം രൂപ മാത്രം)